# കടുക്കാംകുന്ന് ആർ.ഒ.ബി. ഉദ്ഘാടനം

പാലക്കാട്

06.06.2010.

കടുക്കാംകുന്ന് റോഡ് ഓവർബ്രിഡ്ജിന്റെ ഉദ്ഘാടനം അതീവ സന്തോഷത്തോടെ നിർവ്വഹിച്ചതായി അറിയിക്കുന്നു. റെയിൽവേയും സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും ചേർന്ന് നിർമിച്ച ഈ മേൽപ്പാലം റോഡ് ഗതാഗതം സുഗമമാക്കും.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ ലക്ഷ്യമിട്ട തോതിൽ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്ഥലമെടുപ്പിന് ആവശ്യമായ തുക ലഭിക്കാത്തതിനാലും, റെയിൽവേ നടപ്പാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താത്തതിനാലും സംസ്ഥാന വിഹിതം കൂടുതലായി വേണ്ടിവരുന്നതിനാലുമാണ് ഇങ്ങനെ സംഭവിക്കുന്നത്. പൂർത്തീകരിക്കപ്പെടാത്ത റെയിൽവേ മേൽപ്പാലങ്ങളുടെ കാര്യത്തിൽ പ്രത്യേകമായ ഇടപെടൽ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരമാവധി റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണം സമയബന്ധിതമായി നടത്തണമെന്ന ലക്ഷ്യത്തോടെ 200 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് ഈ വർഷം സർക്കാർ നടപ്പാക്കുന്നതാണ്. മേൽപ്പാലം നിർമാണത്തിൽ നേരത്തെയുണ്ടായിരുന്ന മെല്ലപ്പോക്ക് അടുത്തകാലത്ത് അവസാനിപ്പിക്കാൻ കഴിഞ്ഞു. ദേശീയപാത 17ൽ കണ്ണൂരിനും കോഴിക്കോടിനുമിടയിലായിരുന്നു ഏറ്റവുമധികം ലെവൽക്രോസുകൾ. മുഴപ്പിലങ്ങാട് മേൽപ്പാലവും നന്തി മേൽപ്പാലവും തുറന്നതോടെ ആ കുരുക്കുകൾ മുഴുവൻ അഴിഞ്ഞു. പാലക്കാട് വിക്ടോറിയ കോളേജ് മേൽപ്പാലം കഴിഞ്ഞ വർഷം കമ്മീഷൻ ചെയ്തു. നാളെ എറണാകുളത്ത് പുല്ലേപ്പടി മേൽപ്പാലം ഉദ്ഘാടനം ചെയ്യുന്നുണ്ട്. അടുത്തകാലത്തായി സത്വര

നടപടികൾ സ്വീകരിക്കാൻ തുടങ്ങിയതിന്റെ ഫലമാണിത്. മേൽപ്പാല ങ്ങൾക്കാവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കും.

സംസ്ഥാനത്തിന്റെ വാർഷിക ബജറ്റിൽ നിന്നുള്ള വിഹിതംകൊണ്ടു മാത്രം അടിസ്ഥാന സൗകര്യവികസനത്തിനുള്ള വമ്പിച്ച തുക കണ്ടെത്താനാവില്ല. റെയിൽവേ മേൽപ്പാലങ്ങൾ പോലുള്ള വൻകിട പദ്ധതികൾക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള മറ്റ് ധനാഗമമാർഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷനും കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കാനും പൂർത്തി യാക്കാനുമായി ആ സാധ്യത ഉപയോഗപ്പെടുത്തും. 17 മേൽപ്പാലങ്ങ ളുടെ നിർമാണംകൂടി ഏറ്റെടുക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. മുന്നൂറ് കോടിയോളം രൂപ ചെലവിൽ നടപ്പാക്കുന്ന ഈ പദ്ധതി അടുത്തവർഷം അവസാന ത്തോടെ പൂർത്തിയാക്കാൻ കഴിയും.

കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ ഇ. അഹമ്മദ് സാഹിബ് കൂടി പങ്കെടുക്കുന്ന ചടങ്ങായതിനാൽ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാ നുണ്ട്. കേരളത്തിലെ റെയിൽവേ വികസന കാര്യങ്ങളിൽ അഹമ്മദ് സാഹിബ് ഏറെ താല്പര്യമെടുക്കുന്നുണ്ട്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഈയിടെ ഞാനും ശ്രീ അഹമ്മദും ചേർന്ന് വിപുലമായ ഒരു യോഗം വിളിച്ച്ചേർത്ത് സംസ്ഥാനത്തെ റെയിൽവേ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തീരുമാന മെടുത്തു.

എനിക്കിപ്പോൾ പറയാനുള്ളത് പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യമാണ്. സേലം ഡിവിഷൻ രൂപീകരണത്തിന്റെ ഫലമായി പാലക്കാട് ഡിവിഷനും കേരളത്തിനും വലിയ നഷ്ടങ്ങളാണുണ്ടായത്.

സേലം ഡിവിഷൻ രൂപീകരണത്തിന് കേരളം എതിരായിരുന്നില്ല. എന്നാൽ കേരളത്തിലെ റെയിൽവേ വികസനം ഉറപ്പാക്കുന്നതിന് സംവിധാനങ്ങളുണ്ടാകണമെന്ന് നമ്മൾ ശക്തമായി ആവശ്യപ്പെട്ടു. അന്ന് നമ്മുടെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് ഒരു പാക്കേജ് നടപ്പാക്കാമെന്ന് പ്രധാനമന്ത്രി മൻമോഹൻ സിങ്ങും അന്നത്തെ റെയിൽവേ മന്ത്രി ലാലുപ്രസാദ് യാദവും ഉറപ്പ് നൽകിയതാണ്. പാലക്കാട് കോച്ച് ഫാക്ടറി ആ ഘട്ടത്തിൽ പ്രഖ്യാപിച്ചതാണ്. പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിലും അത് ഉൾപ്പെടുത്തി. കാൽനൂറ്റാണ്ടുമുമ്പ്തന്നെ യാഥാർത്ഥ്യമാകേണ്ട പദ്ധതിയായിരുന്നു പാലക്കാട് കോച്ച് ഫാക്ടറി. എന്നാൽ അന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതി പഞ്ചാബിലേക്ക് വലിച്ചു. ഇപ്പോൾ നമ്മുടെ സമ്മർദ്ദത്തെ തുടർന്ന് അനുവദിച്ച കോച്ച് ഫാക്ടറിയുടെ നിർമാണം തുടങ്ങുന്നത് വൈകിക്കുകയാണ്. പദ്ധതി നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തു. മാതൃകാപരമായ പുനരധി വാസ പദ്ധതി നടപ്പാക്കി സ്ഥലം ഏറ്റെടുത്തു. ആവശ്യമായ മുഴുവൻ സ്ഥലവും കൈമാറി. എന്നാലിപ്പോൾ സ്വകാര്യമേഖലയുടെ പങ്കാളി ത്തത്തോടെ പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശം വരികയാണ്. റെയിൽവേയുടെതന്നെ വകയായി കോച്ച് ഫാക്ടറി സ്ഥാപിക്കാൻ മന്ത്രി അഹമ്മദ് കൂടി സമ്മർദ്ദം ചെലുത്തണം. ഫാക്ടറിയുടെ നിർമ്മാണപ്രവൃത്തി ഇനി ഒട്ടും വൈകിക്കൂടാ. അതുപോലെ ചേർത്തല ഓട്ടോകാസ്റ്റുമായി ചേർന്ന് നടപ്പാക്കാൻ തീരുമാനിച്ച ബോഗി നിർമാണ പദ്ധതി അനന്തമായി നീണ്ടുപോവുകയാണ്. ഇക്കാര്യത്തിലും കേന്ദ്രഗവൺമെന്റ് സത്വരനടപടി സ്വീകരിക്കണം. സംസ്ഥാനത്ത് റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്താണോ ചെയ്യേണ്ടത്, അതെല്ലാം സമയബന്ധിതമായി ചെയ്യുമെന്ന് ഉറപ്പ് നൽകുന്നു.

കൂടുതൽ കാര്യങ്ങളിലേക്ക് കടക്കാതെ നിർത്തുന്നു.

നന്ദി, നമസ്ക്കാരം...